പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3052

07/11/2019-ൽ മറുപടിയ്ക്ക്

**സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

ചോദ്യം

ശ്രീ സജി ചെറിയാൻ

സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ശ്രമിക്കുകയും ആഗോള തലത്തിൽ അംഗീകാരം ലഭിക്കുകയും സ്കൂളുകളുടെ അക്കാഡമിക് മികവുകൾ മെച്ചപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണതലത്തിലുള്ള ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് തലത്തിൽ ഉണ്ടാകുമോ, വിശദമാക്കാമോ?

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വലിയ പിന്തുണയോടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അക്കാദമിക പ്രവർത്തനങ്ങൾ, കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, നൂതന വിവര സാങ്കേതിക വിദ്യാ സങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിനും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു ഈ മാറ്റങ്ങൾ പൊതുവിദ്യാലയങ്ങളോടുള്ള രക്ഷിതാക്കളുടെ വിശ്വാസത വർദ്ധിപ്പിച്ചിട്ടുണ്ട് അതിന്റെ ഭാഗമായി കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട് കുട്ടികൾ കുറവുള്ള സ്കൂളുകളിൽ അവസ്ഥാ പഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ച് മെച്ചപ്പെടുത്തുന്നതിനായി ഗൃഹസന്ദർശനം, പഠനോത്സവങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെ സംഘടിപ്പിച്ചിരുന്നു ഇതിനെല്ലാം പ്രാദേശിക തലത്തിൽ നേതൃത്വം നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

Namitha P

സെക്ഷൻ ഓഫീസർ